**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4404** **01-07-2024 - ൽ മറുപടിയ്ക്ക്**

**കാസർകോഡ് വിവേഴ്സ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ഷൻ ആന്റ് സെയിൽ സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോഡ് വിവേഴ്സ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ഷൻ ആന്റ് സെയിൽ സൊസൈറ്റി ലിമിറ്റഡ് സ്ഥാപിച്ചതെപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് വീവേഴ്സ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ഷൻ ആന്റ് സെയിൽ സൊസൈറ്റി ലിമിറ്റഡ് സ്ഥാപിതമായത് 1938-ൽ ആണ് |
| (ബി) | ഈ സൊസൈറ്റിയിൽ എത്ര തൊഴിലാളികളുണ്ടെന്നും അവർക്കു ലഭിക്കുന്ന വേതനം എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | ഈ സൊസൈറ്റിയിൽ 35 തൊഴിലാളികൾ നിലവിൽ ജോലി ചെയ്തു വരുന്നു. തൊഴിലാളികളുടെ ഒരു മാസത്തെ ഉയർന്ന ശരാശരി വേതനം 9000/- രൂപയാണ്. |
| (സി) | ഈ സൊസൈറ്റിയുടെ ഉല്പന്നങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് സാരീസ്, ഡ്രസ്സ് മെറ്റീരിയലുകൾ, സ്കൂൾ യൂണിഫോം തുണിത്തരങ്ങൾ, ബെഡ്ഷീറ്റുകൾ, തോർത്ത്, ലുങ്കി എന്നീ ഉൽപന്നങ്ങളാണ് നിലവിൽ ഈ സൊസൈറ്റിയിൽ ഉൽപാദിപ്പിക്കുന്നത്. |
| (ഡി) | ഭൗമസൂചിക പദവി ലഭിച്ച കാസർകോഡ് സാരി ഈ സൊസൈറ്റിയുടെ ഉല്പന്നമാണോ ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ വിപണിയെക്കുറിച്ചു വിശദമാക്കുമോ; കാസർകോഡ് സാരിയുടെ വിപണി കൂടുതൽ ജനങ്ങളിലെത്തിക്കാൻ ഇതുവരെ ചെയ്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | ഭൗമസൂചിക പദവി ലഭിച്ച കാസർഗോഡ് സാരി, ഈ സൊസൈറ്റിയുടെ ഉൽപന്നമാണ്. കാസർഗോഡ് സാരിയുടെ വിപണനം സൊസൈറ്റി നേരിട്ടും, ഹാന്റക്സ്, ഹാൻവീവ് എന്നിവ വഴിയുമാണ് നടത്തുന്നത്. കാസർഗോഡ് സാരിയുടെ വിപണി കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിനായി എല്ലാ വർഷവും ഉത്സവ സീസണുകളോടനുബന്ധിച്ച് കൈത്തറി പ്രദർശന വിപണന മേളകളും, ദേശീയ കൈത്തറി ദിനത്തോടനുബന്ധിച്ച് ഫാഷൻഷോകളും നടത്താറുണ്ട്. കൂടാതെ, ഈ ഉൽപന്നത്തിന്റെ വിപണിയെ പ്രോത്സാഹിപ്പിക്കുന്നതിനായി, വാട്ട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ മാധ്യമങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ഇ) | നടപ്പ് ബജറ്റിൽ സൊസൈറ്റിക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ആരുടെ നിർദ്ദേശമാണിക്കാര്യത്തിൽ ഉണ്ടായിരുന്നതെന്നും എത്ര തുകയാണ വകയിരുത്തിയതെന്നും ഇത് ഏതെല്ലാം | (ഇ) | നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ സൊസൈറ്റിക്ക് മാത്രമായി ഫണ്ട് വകയിരുത്തിയിട്ടില്ല. അർഹതയ്ക്ക് അനുസൃതമായി, കൈത്തറി വകുപ്പിലെ പദ്ധതികൾ പ്രസ്തുത സൊസൈറ്റിക്കും ലഭ്യമാകുന്നതാണ്. |

| | | | |
|---|---|---|---|
| | ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ